സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നടപടിക്രമം

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അംഗപരിമിതരായ ജീവനക്കാർക്ക് സ്പെഷ്യൽ ലീവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആർ.ഒ.സി. നമ്പർ.1283/18/മിസ്.1 നന്തൻകോട് , 24 /07/2018.

---

പരാമർശം : 1. ദേവസ്വം കമ്മീഷണറുടെ 30.01.2018-ലെ ആർ.ഒ.സി. 9486/15/മിസ്.എ നമ്പർ റിപ്പോർട്ട്.
2.ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 5.4.2018-ലെ DA 160/18/E1 നമ്പർ അഭിപ്രായം.

## ഉത്തരവ്

അമ്പലപ്പുഴ ഗ്രൂപ്പിൽപ്പെട്ട കാമപുരം ദേവസ്വം വാച്ചർ ശ്രീ.മധുവിന് അംഗപരിമിതർക്ക് ഗവൺമെന്റിൽ അനുവാദമുള്ള സ്പെഷ്യൽ ലീവ് അനുവദിക്കണ മെന്ന് കാണിച്ച് ടിയാൻ സമർപ്പിച്ച അപേക്ഷയും അനുബന്ധ പകർപ്പുകളും സഹിതം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചുവെന്നും അംഗപരിമിതർക്ക് അനുവാദമുള്ള സ്പെഷ്യൽ ലീവ് ടിയാന് അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവു ണ്ടാകുന്നതിനായി ദേവസ്വം കമ്മീഷണറുടെ പരാമർശ റിപ്പോർട്ട് ലഭിച്ചു.

തുടർന്ന് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ അഭിപ്രായം ലഭ്യമാക്കിയ തിൽ, KSR Part I, അനുബന്ധം 6, സെക്ഷൻ 16, 16 A പ്രകാരം അംഗപരിമിതരായ സർക്കാർ ജീവനക്കാർക്ക് ടി ചട്ടങ്ങളിൽ പറയുന്ന ആവശ്യങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി ഒരു കലണ്ടർ വർഷം 15 ദിവസത്തെ പ്രത്യേക ആകസ്മികാവധിയ്ക്ക് അർഹതയുണ്ടെന്നും, കൃത്രിമ അവയവം മാറ്റിവയ്ക്കൽ, കൃത്രിമ അവയവവുമായി ബന്ധപ്പെട്ട ചികിത്സ എന്നീ ആവശ്യങ്ങൾക്ക് ആയത് സംബന്ധിച്ചുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് 15 ദിവസത്തെ പ്രത്യേക ആകസ്മികാവധി അനുവദിക്കുന്നതിന് ടി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നും ആകയാൽ ടി ചട്ട ങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി, തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അംഗപരിമിതരായ ജീവനക്കാർക്ക് ഒരു കലണ്ടർ വർഷം 15 ദിവസത്തെ പ്രത്യേക ആകസ്മികാവധി അനുവദിക്കാവുന്നതാണെന്ന് അഭിപ്രായപ്പെട്ടു.

(മറുപുറം)

EDP.

ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ടും ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ അഭിപ്രായവും ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അംഗപരിമിതരായ ജീവനക്കാർക്ക്, KSR Part I, അനുബന്ധം 6, സെക്ഷൻ 16, 16 A പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഒരു കലണ്ടർ വർഷം 15 ദിവസത്തെ പ്രത്യേക ആകസ്മികാവധി അനുവദിച്ച് ബോർഡുത്തരവാകുന്നു.

**തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി**
**(ഒപ്പ്)**
**സെക്രട്ടറി**

പകർപ്പ് :

1) എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2) എസ്റ്റാ.1 സെക്ഷൻ
3) എസ്റ്റാ.2 സെക്ഷൻ
4) മിസ്.3 സെക്ഷൻ
5) ഇ.ഡി.പി. സെക്ഷൻ
6) സെക്ഷൻ ഫയൽ
7) ഫയൽ ബുക്ക്
8) ആഫീസ്കോപ്പി

അംഗീകാരത്തോടെ
അസിസ്റ്റന്റ് സെക്രട്ടറി